## CHAPTER: 2

2:1-10 Paul was recognised by Apostles

വി.പൗലൂസ് തന്റെ അപ്പോസ്തലത്വം സംബന്ധിച്ചുള്ള "ആധികാരികത" ഉറപ്പിക്കുന്നതു ഈ രണ്ടാം അദ്ധ്യായത്തിലും തുടരുന്നു. താൻ ആരിൽ നിന്നും പഠിച്ചതല്ല. ക്രിസ്തുയേശുവിൽ നിന്നും നേരിട്ടു പ്രാപിച്ച സുവിശേഷവും ഉപദേശവുമാണ് പ്രസംഗിക്കുന്നത് എന്ന് പറയുമ്പോഴും യരുശലേമിലുള്ള അപ്പസ്തലന്മാരുമായി തികഞ്ഞ യോജിപ്പാണ് ഉപദേശങ്ങളിൽ ഉള്ളത് എന്നും തങ്ങൾക്ക് കൂട്ടായ്മയുടെ വലംകരം തന്നു എന്നും വ്യക്തമാകുന്നു.

Gal. 2:1 — വി.പൗലൂസ് നടത്തിയ 5 യരുശലേം യാത്രകളെപ്പറ്റി അപ്പ.പ്രവൃത്തികളിൽ രേഖപ്പെടുത്തിയിരിക്കുന്നു.

1. ദമസ്കോസിൽനിന്നും യരുശലേമിലേക്ക് വന്നു. (Gal 1:18-20)

Acts 9:26-30 — *അവൻ യെരൂശലേമിൽ എത്തിയാറെ ശിഷ്യന്മാരോടു ചേരുവാൻ ശ്രമിച്ചു; എന്നാൽ അവൻ ഒരു ശിഷ്യൻ എന്നു വിശ്വസിക്കാതെ എല്ലാവരും അവനെ പേടിച്ചു. ബർന്നബാസോ അവനെ കൂട്ടി അപ്പൊസ്തലന്മാരുടെ അടുക്കൽ കൊണ്ടു ചെന്നു; അവൻ വഴിയിൽ വെച്ചു കർത്താവിനെ കണ്ടതും കർത്താവു അവനോടു സംസാരിച്ചതും ദമസ്കൊസിൽ അവൻ യേശുവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചതും എല്ലാം അവരോടു വിവരിച്ചു പറഞ്ഞു. പിന്നെ അവൻ യെരൂശലേമിൽ അവരുമായി പെരുമാറുകയും കർത്താവിന്റെ നാമത്തിൽ പ്രാഗത്ഭ്യത്തോടെ പ്രസംഗിക്കയും ചെയ്തു പോന്നു. യവനഭാഷക്കാരായ യെഹൂദന്മാരോടും അവൻ സംഭാഷിച്ചു തർക്കിച്ചു; അവരോ അവനെ കൊല്ലുവാൻ വട്ടംകൂട്ടി. സഹോദരന്മാർ അതു അറിഞ്ഞു അവനെ കൈസര്യയിലേക്കു കൂട്ടിക്കൊണ്ടുപോയി, അവിടെനിന്നു തർസൊസിലേക്കു അയച്ചു.*

2. ക്ഷാമത്തിൽ സഹായിക്കാനായി സമാഹരിച്ച പണവുമായി യരുശലേമിൽ വന്നു.

Acts11:27-30 — *ആ കാലത്തു യെരൂശലേമിൽ നിന്നു പ്രവാചകന്മാർ അന്ത്യൊക്ക്യയിലേക്കു വന്നു. അവരിൽ അഗബൊസ് എന്നു പേരുള്ളൊരുവൻ എഴുന്നേറ്റു ലോകത്തിൽ ഒക്കെയും മഹാക്ഷാമം ഉണ്ടാകും എന്നു ആത്മാവിനാൽ പ്രവചിച്ചു; അതു ക്ളൗദ്യൊസിന്റെ കാലത്തു സംഭവിച്ചു. അപ്പോൾ യെഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തിപോലെ കൊടുത്തയപ്പാൻ നിശ്ചയിച്ചു. അവർ അതു നടത്തി, ബർന്നബാസിന്റെയും ശൗലിന്റെയും കയ്യിൽ മൂപ്പന്മാർക്കും കൊടുത്തയച്ചു.*

3. യരുശലേമിൽ നടന്ന അപ്പസ്തോലിക councilൽ പങ്കെടുക്കാനെത്തി.

Acts15:1-30 — *യെഹൂദ്യയിൽനിന്നു ചിലർ വന്നു: നിങ്ങൾ മോശെ കല്പിച്ച ആചാരം അനുസരിച്ചു പരിച്ഛേദന ഏൽക്കാഞ്ഞാൽ രക്ഷ പ്രാപിപ്പാൻ കഴികയില്ല ................................................ ............................................................................................................ അങ്ങനെ അവർ വിടവാങ്ങി അന്ത്യൊക്ക്യയിൽ ചെന്നു ജനസമൂഹത്തെ കൂട്ടിവരുത്തി ലേഖനം കൊടുത്തു.*

4. രണ്ടാമത്തെ മിഷനറി യാത്രക്കു ശേഷം യരുശലേം സന്ദർശിച്ചു.

Acts 18:22 — *കൈസര്യയിൽ വന്നിറങ്ങി, യെരൂശലേമിലേക്കു ചെന്നു, സഭയെ വന്ദനം ചെയ്തിട്ടു അന്ത്യൊക്ക്യയിലേക്കു പോയി.*

5. അവസാന സന്ദർശനം. ഇവിടെവച്ച് ബന്ധിതനായി റോമിലേക്ക് യാത്രയാകുന്നു.

Acts 21:15 — *അവിടത്തെ താമസം കഴിഞ്ഞിട്ടു ഞങ്ങൾ യാത്രെക്കു കോപ്പുകൂട്ടി യെരൂശലേമിലേക്കു പോയി.*

Acts 23:35 — *അവൻ എഴുത്തു വായിച്ചിട്ടു ഏതു സംസ്ഥാനക്കാരൻ എന്നു ചോദിച്ചു. കിലിക്യക്കാരൻ എന്നു കേട്ടാറെ: വാദികളും കൂടെ വന്നു ചേരുമ്പോൾ നിന്നെ വിസ്തരിക്കാം എന്നു പറഞ്ഞു ഹെരോദാവിന്റെ ആസ്ഥാനത്തിൽ അവനെ കാത്തു കൊൾവാൻ കല്പിച്ചു.*

fleettech@gmail.com

ഈ രണ്ടാം അദ്ധ്യായത്തിൽ പറയുന്ന സന്ദർശനം ക്ഷാമത്തിൽ സഹായിക്കാനായി സമാഹരിച്ച പണവുമായി ചെന്ന സമയത്തെ ആകാം കുറിക്കുന്നത്.

Gal. 2:2 — ഈ യരുശലേം സന്ദർശനം ഒരു വെളിപ്പാടു ലഭിച്ചതനുസരിച്ച് നടത്തിയ സന്ദർശനമായിരുന്നു. ആരും വിളിച്ചിട്ടു പോയതല്ല.

ഈ സന്ദർശന സമയം താൻ ജാതികളുടെ ഇടയിൽ പ്രസംഗിക്കുന്ന ഉപദേശം അപ്പസ്തലരുടെ അറിവിനായി അവരെ അറിയിച്ചു. ആരുടെയും അംഗീകരണത്തിനായി സമർപ്പിച്ചതല്ല. തനിക്ക് കർത്താവ് തന്ന ഉപദേശം അറിയിച്ചു എന്ന് മാത്രം. ജാതികളിൽ നിന്നു വന്നവരെ പരിഛേദന ഏൽക്കാൻ നിർബന്ധിക്കണമെന്ന് അവർ പറഞ്ഞില്ല. 14 വർഷം പൗലൂസ് ഈ സുവിശേഷം ജാതികളോട് പ്രസംഗിക്കുന്നു. അതിനെതിരായി യഹൂദാ പാരമ്പര്യവും ന്യായപ്രമാണവും പാലിക്കണമെന്ന് ദുരുപദേശം കൊടുക്കുന്നവർ കർത്താവു പൗലൂസിലൂടെ ജാതികളുടെ മാനസാന്തരത്തിനായി ചെയ്ത പ്രവൃത്തിയെ നിഷ്ഫലമാക്കുമെന്ന് പൗലൂസ് ഭയപ്പെട്ടു.

Gal. 2:3-5 — തീത്തോസ് – യഹൂദൻ ക്രിസ്ത്യാനി ആയതല്ല – (യവനൻ – വിശ്വാസി ആയതാണ്)

തീത്തോസ് കൊരുന്തിൽ ശുശ്രൂഷിച്ചു.

2 Cor 2:13 — *എന്റെ സഹോദരനായ തീതൊസിനെ കാണാഞ്ഞിട്ടു മനസ്സിൽ സ്വസ്ഥത ഇല്ലായ്കയാൽ ഞാൻ അവരോടു യാത്രപറഞ്ഞു മക്കെദോന്യെക്കു പുറപ്പെട്ടു.*

2 Cor 7:6-7 — *എങ്കിലും എളിയവരെ ആശ്വസിപ്പിക്കുന്ന ദൈവം തീതൊസിന്റെ വരവിനാൽ ഞങ്ങളെ ആശ്വസിപ്പിച്ചു. അവന്റെ വരവിനാൽ മാത്രമല്ല, അവന്നു നിങ്ങളെക്കൊണ്ടു ലഭിച്ച ആശ്വാസത്താലുംകൂടെ; നിങ്ങളുടെ വാഞ്ഛയും നിങ്ങളുടെ വിലാപവും എനിക്കായുള്ള നിങ്ങളുടെ എരിവും ഞങ്ങളോടു അറിയിച്ചതിനാൽ തന്നേ. അതുകൊണ്ടു ഞാൻ അധികമായി സന്തോഷിച്ചു.*

2 Cor 8:6 — *അങ്ങനെ തീതൊസ് ആരംഭിച്ചതുപോലെ നിങ്ങളുടെ ഇടയിൽ ഈ ധർമ്മശേഖരം നിവർത്തിക്കേണം എന്നു ഞങ്ങൾ അവനോടു അപേക്ഷിച്ചു.*

2 Cor 8:16 — *നിങ്ങൾക്കു വേണ്ടി തീതൊസിന്റെ ഹൃദയത്തിലും ഈ ജാഗ്രത നല്കിയ ദൈവത്തിന്നു സ്തോത്രം.*

2 Cor 12:18 — *ഞാൻ തീതൊസിനെ പ്രബോധിപ്പിച്ചു, ആ സഹോദരനെയും കൂടെ അയച്ചിരുന്നു; തീതൊസ് നിങ്ങളോടു വല്ലതും വഞ്ചിച്ചെടുത്തുവോ? ഞങ്ങൾ നടന്നതു അതേ ആത്മാവിൽ അല്ലയോ? അതേ കാൽചുവടുകളിൽ അല്ലയോ?*

ക്രേത്തയിൽ (Tit 1:5)

Tit 1:5 — *ഞാൻ ക്രേത്തയിൽ നിന്നെ വിട്ടേച്ചുപോന്നതു: ശേഷിച്ച കാര്യങ്ങളെ ക്രമത്തിലാക്കേണ്ടതിന്നും ഞാൻ നിന്നോടു ആജ്ഞാപിച്ചതു പോലെ പട്ടണംതോറും മൂപ്പന്മാരെ ആക്കി വെക്കേണ്ടതിന്നും തന്നേ.*

പരിഛേദന കൂടാതെ ക്രിസ്ത്യാനിയായി. കർത്താവിനു വേണ്ടി അദ്ധ്വാനിക്കുന്ന വിശ്വാസി പൗലൂസിനോടൊപ്പം യരുശലേമിൽ.

ശ്രേഷ്ഠ അപ്പൊസ്തലന്മാരുടെ മുമ്പിൽ നിൽക്കുന്നു. ആരും തീത്തോസിനെ നിർബന്ധിച്ചില്ല പരിഛേദന ഏൽക്കുവാൻ.

എന്താണതിന്റെ അർത്ഥം?

യഹൂദനാകട്ടെ, യവനനാകട്ടെ, ഏതു ജാതിയിൽ പെട്ടവനാകട്ടെ. എല്ലാവരെയും യേശു സ്വീകരിക്കുന്നു. വിശ്വാസത്താൽ രക്ഷിക്കപ്പെടുവാൻ.

ന്യായപ്രമാണത്തിന്റെ കീഴിലല്ല. അതിൽ നിന്നും ഇതാ സ്വാതന്ത്ര്യം. ഏങ്ങനെ?

യേശുവിൻ രക്തത്താൽ.

എന്നാൽ അവിടെയും എത്തി ദുരുപദേശകർ.

അവർക്ക് നിർബന്ധിക്കണം തീത്തോസിനെ. പരിഛേദന ഏൽക്കാൻ.

fleettech@gmail.com

മോശയുടെ ന്യായപ്രമാണപ്രകാരം പരിഛേദന ഏൽക്കാഞ്ഞാൽ രക്ഷിക്കപ്പെടാൻ കഴിയില്ല എന്ന് അവർ പഠിപ്പിച്ചു.

ഈ പരിഛേദനക്കാർ നുഴഞ്ഞു കയറി വന്നിരിക്കുന്നു.

ക്രിസ്തുയേശുവിൽ നമുക്ക് നൽകപ്പെട്ട സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുവാൻ.

വി.പൗലൂസ് അവർക്ക് ഒരു കാരണവശാലും കീഴ്പ്പെട്ടില്ല. ധൈര്യമായി നിന്നു.

യേശുക്രിസ്തുവിലൂടെ ലഭിച്ച സ്വാതന്ത്ര്യം ന്യായപ്രമാണത്തിന് അടിമപ്പെടാൻ ഒരു നാളും അനുവദിച്ചു കൂടാ.

Gal. 2:6 തീത്തോസിനെക്കുറിച്ചുള്ള ചർച്ചക്കുശേഷം ഇതാ യരുശലേമിൽ ഉണ്ടായിരുന്ന ശ്രേഷ്ഠ അപ്പൊസ്തലന്മാരുമായുള്ള പൗലൂസിന്റെ സന്ദർശനത്തെ ഉപസംഹരിക്കുന്നു. പത്രോസ്, യാക്കോബ്, യോഹന്നാൻ ഇവരായിരുന്നു യരുശലേമിലുണ്ടായിരുന്ന "തൂണുകളായി" എണ്ണപ്പെട്ടവർ.

അവർ പൗലൂസിലൂടെ വ്യാപരിച്ച ദൈവകൃപയെപ്പറ്റി ശ്രദ്ധാപൂർവ്വം കേട്ടു. ജാതികളെ ദൈവം തന്റെ മക്കളായി രൂപാന്തരപ്പെടുത്തുന്നതിന് വി. പൗലൂസിലൂടെ ചൊരിഞ്ഞ ദൈവകൃപയെപ്പറ്റി വിവരിച്ചത് അവർ കേട്ടു.

ആരും ഒന്നിനും എതിർ പറഞ്ഞില്ല. ജാതികൾ പരിഛേദന ഏൽക്കണം എന്നും പറഞ്ഞില്ല.

ദുരുപദേശകർ തങ്ങളുടെ ദുരുപദേശം പ്രചരിപ്പിക്കാൻ quote ചെയ്യുന്നത് യരുശലേമിലുള്ള അപ്പൊസ്തലന്മാരെയാണ്.

എന്നാൽ തൂണുകളായി എണ്ണപ്പെട്ട പത്രോസും, യോഹന്നാനും, യാക്കോബും പൗലൂസ് വിവരിച്ചതിനെ ഖണ്ഡിക്കുകയോ, എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ ചെയ്തില്ല.

ഇതിൽനിന്നും ഒരു കാര്യം പൗലൂസ് വ്യക്തമാക്കുകയാണ് - ഈ ദുരുപദേശകർ സ്വന്തം ഉപദേശമാണ് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്.

അപ്പൊസ്തലന്മാരുടെ ഉപദേശം അല്ല.

ജാതികളെ യഹൂദ പാരമ്പര്യവും ന്യായപ്രമാണവും ആചരിപ്പാൻ ദൈവം ആഗ്രഹിക്കുന്നില്ല. അങ്ങനെ പ്രചരിപ്പിക്കുന്നവർ "ദുരുപദേശം" പ്രസംഗിക്കുന്നവർ അത്രെ.

Gal. 2:7-9 ജാതികളുടെ സുവിശേഷീകരണത്തിനായി ദൈവം വി.പൗലൂസിനെ അഭിഷേകം ചെയ്തിരിക്കുകയാണ് എന്ന് ശ്രേഷ്ഠ അപ്പൊസ്തലന്മാരായ പത്രോസും, യാക്കോബും, യോഹന്നാനും അംഗീകരിച്ചു.

യഹൂദജാതിയോട് സുവിശേഷം അറിയിച്ച പത്രോസിനു കൊടുത്ത അതേ അഭിഷേകം ഇതാ ജാതികളുടെ സുവിശേഷത്തിനായി പൗലൂസിൽ വ്യാപരിക്കുന്നു.

രണ്ടും സുവിശേഷം തന്നെ. രണ്ടിന്റെയും അഭിഷേകം ഒരേ ആത്മാവ് തന്നെ.

ഒരു പരസ്പരമുള്ള അംഗീകരണം ഇവിടെ ദൃശ്യം. ഇതാ പത്രോസും, യാക്കോബും, യോഹന്നാനും കൂട്ടായ്മയുടെ വലംകരം നീട്ടി.

യരുശലേമിലെ അപ്പൊസ്തലർ യഹൂദാജാതിയോട് സുവിശേഷം അറിയിച്ചതുപോലെ തന്നെ ജാതികളോട് സുവിശേഷം അറിയിക്കാൻ വി.പൗലൂസിനെ ദൈവം അധികാരപ്പെടുത്തി എന്ന് അംഗീകരിക്കപ്പെട്ടു. ഇതാണ് യഥാർത്ഥ സ്ഥിതി എങ്കിൽ പിന്നെ ഗലാത്യ സഭകളെ "അഗ്രചർമ്മം, ന്യായപ്രമാണം" ഈ വക പറഞ്ഞ് വിശ്വാസത്തിൽ പതറിക്കുന്ന ദുരുപദേശകരെ ആരാണ് ഇങ്ങനെ ചെയ്യാൻ ചുമതലപ്പെടുത്തിയത്.

സഭയെ തെറ്റിപ്പിക്കുവാൻ ശത്രു ഒരുക്കുന്ന വഞ്ചന എന്നല്ലാതെ എന്താണിത്.

Gal. 2:9-10 യരുശലേം അപ്പൊസ്തലന്മാർ ഒരേ ഒരു കാര്യമെ പൗലൂസിനെ ചുമതലപ്പെടുത്തി പറഞ്ഞുള്ളു. ദരിദ്രരെ ഓർത്തു കൊള്ളണം. Remember the poor.

ഈ വിഷയത്തിൽ പൗലൂസ് മാതൃകയായിരുന്നു താനും.

fleettech@gmail.com

Acts 11:29-30 *അപ്പോൾ യെഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവിക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തിപോലെ കൊടുത്തയപ്പാൻ നിശ്ചയിച്ചു. അവർ അതു നടത്തി, ബർന്നബാസിന്റെയും ശൗലിന്റെയും കയ്യിൽ മൂപ്പന്മാർക്കു കൊടുത്തയച്ചു.*

യരുശലേമിലെ വിശ്വാസികളുടെ ബുദ്ധിമുട്ടു തീർക്കുവാൻ സഹായധനം ശേഖരിച്ചാണ് പൗലൂസ് വന്നത്. വീണ്ടും അപ്രകാരം ചെയ്തു എന്ന് നാം കാണുന്നു.

1 Cor 16:1-3 *വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യസഭകളോടു ആജ്ഞാപിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം ഉണ്ടാകാതിരിക്കേണ്ടതിന്നു ആഴ്ചവട്ടത്തിൽ ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു ചരതിച്ചു തന്റെ പക്കൽ വെച്ചുകൊള്ളേണം. ഞാൻ എത്തിയശേഷം നിങ്ങളുടെ ധർമ്മം യെരൂശലേമിലേക്കു കൊണ്ടുപോകുവാൻ നിങ്ങൾക്കു സമ്മതമുള്ളവരെ ഞാൻ എഴുത്തോടുകൂടെ അയക്കും.*

ഈ വക സഹായങ്ങൾ സഭയുടെ ഐക്യമത്യത്തിനും സ്നേഹത്തിനും സഹായകമാകും. ജാതികളിൽ നിന്നും വിശ്വാസത്തിലേക്ക് വന്ന Gentile Christians ന് യഹൂദാ പാരമ്പര്യങ്ങളിൽ നിന്നും കർത്താവിലേക്ക് വന്ന വിശ്വാസികളുമായി ഉള്ള ആത്മീക ഐക്യം പ്രദർശിച്ച വിഷയമായിരുന്നു അവർ പൗലൂസിന്റെ കൈയിൽ കൊടുത്തയച്ച സഹായം.

**Paul Rebuked the reputed chief of Appostles 2:11-21**

Gal. 2:11 വി.പൗലൂസ് നടന്ന ഒരു സംഭവം വിവരിച്ചിട്ട് തന്റെ Argument തുടരുന്നു. വി.പത്രോസ് അന്ത്യോഖ്യ സന്ദർശിച്ച സംഭവം പൗലൂസ് വിവരിക്കുന്നു. ഇത് എന്നാണ് നടന്നത് എന്ന് അപ്പോ.പ്രവൃത്തിയിൽ കാണുന്നില്ല. ഒരു പക്ഷേ ഒന്നാമത്തെ പൗലൂസിന്റെ മിഷനറി യാത്രക്കുശേഷം ആയിരിക്കാം.

അന്ന് അന്ത്യോഖ്യയിൽ നടന്ന ഒരു സംഭവമാണ് വിഷയം.

Gal. 2:12 പത്രോസ് അന്ത്യോഖ്യയിൽ വന്നപ്പോൾ അന്ത്യോഖ്യയിലെ സഭയിൽ ജാതികളിൽ നിന്ന് വന്നവരും യഹൂദാമതത്തിൽനിന്ന് വന്നവരും ഒന്നിച്ച് ഒരുമനപ്പെട്ട് ആരാധിക്കുന്നു, ഭക്ഷണം കഴിക്കുന്നു എന്നു കണ്ടു. പത്രോസും അവരോടൊന്നിച്ച് ആ സന്തോഷത്തിൽ പങ്കു ചേർന്നു.

ന്യായപ്രമാണപ്രകാരമുള്ള ഭക്ഷണത്തെപ്പറ്റിയുള്ള ഉപദേശങ്ങൾ ഒന്നും തന്നെ ആരും ആചരിക്കാൻ വ്യഗ്രത കാട്ടിയുമില്ല. മാത്രമല്ല അപ്പോ. പ്രവർത്തി 10:9-15, 28 ൽ പത്രോസ് കണ്ട ദർശനം ദൈവം ജാതികളെയും തന്റെ നാമത്തിനായി വിശുദ്ധീകരിക്കുന്നു എന്ന് പത്രോസിന് നന്നായി അറിയുകയും ചെയ്ത കാര്യമായിരുന്നു.

എന്നാൽ പത്രോസ് ഈ വക കാര്യമൊക്കെ പെട്ടന്ന് മറന്നു. കാരണം യരുശലേമിൽ യാക്കോബിന്റെ അടുത്തു നിന്നും ചില സഹോദരന്മാർ വന്നപ്പോൾ പത്രോസ് അവരോട് കൂടെ ചേർന്ന് വീണ്ടും യഹൂദാ മര്യാദപ്രകാരം ഭക്ഷണം കഴിപ്പാൻ തുടങ്ങി.

Gentile believers ൽ നിന്നും പത്രോസ് അകന്നു നിൽക്കുന്നു എന്ന തോന്നൽ പ്രകടമായിരുന്നു. യാക്കോബിന്റെ അടുത്തു നിന്നു വന്നവർ "അഗ്രചർമ്മ പരിഛേദന" നിർബന്ധമായി തുടരണമെന്നു വാദിക്കുന്നവർ ആയിരിക്കാം. ജാതിയിൽ നിന്ന് വന്നവരെ യഹൂദ മര്യാദകളും ആചരണങ്ങളും പിൻതുടരാൻ നിർബന്ധിക്കണം എന്ന ചിന്തയുള്ളവർ ആയിരുന്നു എന്ന് വേണം കരുതുവാൻ. യാക്കോബ് അപ്രകാരം ചിന്തിച്ചിരുന്നോ എന്ന് വ്യക്തമല്ല താനും.

പത്രോസ് എന്തുകൊണ്ട് ഈ "ഇരട്ടമുഖം"പ്രദർശിപ്പിച്ചു. കൊർന്നല്യോസിന്റെ ഭവനത്തിൽ പ്രസംഗിച്ച പത്രോസ് അന്ന് പ്രസ്താവിച്ചതിൽ നിന്നും പിന്നോട്ട് പോയി.

Acts. 11:18 *അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു: അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി.*

കാരണം വ്യക്തം. യഹൂദാക്രിസ്ത്യാനികളുടെ മുമ്പിൽ ഭയപ്പെട്ടു. Fear came to his mind.

fleettech@gmail.com

Gal. 2:13 പത്രോസിന്റെ ഈ പെരുമാറ്റം മറ്റ് യഹൂദാ ക്രിസ്ത്യാനികളെയും സ്വാധീനിച്ചു. ബർന്നബാസു പോലും തെറ്റിപ്പോകാൻ ഇടവന്നു. നേതൃത്വത്തിൽ നിൽക്കുന്നവൻ തെറ്റിയാൽ അത് അനേകരെ തെറ്റിക്കും. ബർന്നബാസ് പൗലൂസിനോടൊപ്പം ജാതികളെ കർത്താവിങ്കലേക്ക് ഏകശരീരമായി വിളിക്കാൻ മിഷനറി യാത്ര ചെയ്ത വ്യക്തി ഇതാ താൻ പ്രസംഗിച്ചതിന് എതിരായി പ്രവർത്തിക്കുന്നു. ക്രിസ്തുവിന്റെ ശരീരമായ സഭയെ രണ്ടായി വിഭജിക്കുന്നു. "Jewish Christians & Gentile Christians".

പത്രോസും കൂടെയുണ്ടായിരുന്ന യഹൂദാ ക്രിസ്ത്യാനികളും ബർന്നബാസും കാപട്യത്തിന്റെ വലിയ തെറ്റിൽ അകപ്പെട്ടു. ജാതികളോട് ഒരേ ശരീരമായ ക്രിസ്തുവിന്റെ സഭയിലേക്ക് കടന്നു വരാൻ പ്രസംഗിച്ചവർ ക്രിസ്തുവിന്റെ ശരീരമായ സഭയെ രണ്ടായി മുറിക്കുന്ന കാഴ്ച.

Gal. 2:14 ഇതിനെതിരായി പ്രതികരിക്കാതിരിക്കാൻ പൗലൂസിന് കഴിഞ്ഞില്ല. പരസ്യമായി ചെയ്ത തെറ്റായതിനാൽ പരസ്യമായിത്തന്നെ ഇതിനെതിരെ പ്രതികരിച്ചു. യഹൂദനായ പത്രോസ് ഇന്നു ജീവിക്കുന്നത് യഹൂദാ മര്യാദപ്രകാരമല്ല. കർത്താവിങ്കലേക്ക് വന്നശേഷം ഇന്ന് യഹൂദന്റെ ന്യായപ്രമാണം അനുസരിച്ചല്ല പത്രോസോ, മറ്റുള്ള അപ്പസ്തലന്മാരോ ജീവിക്കുന്നത്. നേരെ മറിച്ച് ജാതികളുടെ മര്യാദ അനുസരിച്ചത്രെ ജീവിക്കുന്നത്.

ആ സ്ഥിതിക്ക് ജാതികളിൽ നിന്ന് കർത്താവിങ്കലേക്ക് വന്നവരെ യഹൂദാ മര്യാദ പ്രകാരം നടക്കാനായി നിർബന്ധിക്കുന്നതെങ്ങനെ.

ഇതാണ് പൗലൂസ് പരസ്യമായി പത്രോസിനോട് ചോദിച്ചത്. പത്രോസിന്റെ മറുപടി ഇവിടെ രേഖപ്പെടുത്തിയിട്ടില്ല.

ഈ ചോദ്യത്തിൻ മുമ്പിൽ പത്രോസ് തീർച്ചയായും കുറ്റക്കാരൻ തന്നെ.

ഉപദേശപരമായ തെറ്റ് തിരുത്തിയേ മതിയാവൂ. അല്ലായെങ്കിൽ യേശുക്രിസ്തുവിൻ ക്രൂശുമരണത്താൽ നമുക്ക് ലഭിച്ചിരിക്കുന്ന സ്വാതന്ത്ര്യം നഷ്ടമാകും.

Gal. 2:15 പത്രോസുമായി നടന്ന ചർച്ചയുടെ പൂർണ്ണരൂപം ഇവിടെ വിവരിച്ചിട്ടില്ല. എന്നാൽ ഗലാത്യ ലേഖനത്തിന്റെ തന്നെ ഏറ്റവും പ്രധാന വിഷയത്തിലേക്ക് പൗലൂസ് നമ്മെ കൊണ്ടുവരികയാണ് ഈ സംഭവത്തിലൂടെ.

“വിശ്വാസത്താലുള്ള രക്ഷ” - “Salvation by faith.’’

പൗലൂസിന്റെ വാദങ്ങളെല്ലാം ജന്മനാ യഹൂദരായവരോടായിരുന്നു.

അവർ എങ്ങനെ കർത്താവിങ്കലേക്ക് വന്നു?

ന്യായപ്രമാണം ആചരിച്ചതു കൊണ്ടാണോ? No. They came to Jesus by faith.

ജാതിയിൽ നിന്നുള്ളവർ ക്രിസ്തുവിങ്കലേക്ക് വന്നതെങ്ങനെ? They also came to Jesus by faith.

യാതൊരു വ്യത്യാസവുമില്ല. All are accepted by faith in Lord Jesus Christ.

Gal. 2:16 ഗലാത്യ ലേഖനത്തിലെ ഏറ്റവും പ്രധാന വിഷയം - നീതീകരണം - Justification

നീതിന്യായ കോടതിയിൽ നിന്നും കടം എടുത്ത വാക്ക്. കുറ്റക്കാരൻ എന്നു കാണുന്നത് ഒരു വശത്ത്. നീതീകരിക്കപ്പെട്ടവൻ എന്നത് മറുവശം.

ദൈവം പരിശുദ്ധൻ. മനുഷ്യൻ പാപ സ്വഭാവമുള്ളവൻ. പാപം ചെയ്യാത്ത ആരുമില്ല. നീതീകരണം എങ്ങനെ ലഭിക്കും?

ന്യായപ്രമാണം പാലിച്ചാൽ നീതീകരണം കിട്ടുമോ. No, ന്യായപ്രമാണം പാലിച്ച് നീതീകരണം കിട്ടാൻ സാധ്യമേ അല്ല. നമ്മുടെ കുറ്റങ്ങൾ കൂടുതൽ തെളിഞ്ഞു കാണും ന്യായപ്രമാണത്തിന്റെ മുമ്പിൽ നാം നിൽക്കുമ്പോൾ.

പിന്നെ എങ്ങനെ നീതീകരിക്കപ്പെടും? നീതീകരിക്കപ്പെടാതെ എങ്ങനെ പരിശുദ്ധ ദൈവത്തിൻ സന്നിധിയിൽ നമുക്ക് നിൽക്കാൻ കഴിയും.

fleettech@gmail.com

ഉത്തരം ഈ വാക്യത്തിലുണ്ട്

"നാം നീതീകരിക്കപ്പെട്ടത്" - ആരൊക്കെയാണീ നാം? പൗലൂസും, പത്രോസും, യഹൂദാ ക്രിസ്ത്യാനികളിൽ ഓരോരുത്തരും നീതീകരണപ്പെട്ടത് ന്യായപ്രമാണത്തിന്റെ പ്രവർത്തികളാൽ അല്ല, ക്രിസ്തുയേശുവിൽ ഉള്ള വിശ്വാസത്താൽ തന്നെ.

We were justified by faith in Lord Jesus Christ.

Gal. 2:17,18 പൗലൂസിന്റെ എതിരാളികൾ ഉയർത്തിയ വാദം - വിശ്വാസത്താലുള്ള നീതീകരണം വന്നപ്പോൾ ന്യായപ്രമാണത്തെ അത് ഇല്ലാതാക്കിയോ? അങ്ങനെയെങ്കിൽ വിശ്വാസത്തിലേക്ക് വന്നവർക്ക് പാപത്തിൽ തുടരാനുള്ള വഴി ഒരുക്കുകയല്ലേ ചെയ്തത്. നല്ല പ്രവർത്തി ഒന്നും തന്നെ ചെയ്യേണ്ടതായ ആവശ്യം ഇല്ലല്ലോ?

പൗലൂസ് വിശദീകരിക്കുന്നു - യേശുക്രിസ്തു പാപം പ്രോത്സാഹിക്കുന്നവൻ അല്ല. എന്നാൽ ഒരുവൻ ക്രിസ്തുവേശുവിൽ നീതീകരണം കണ്ടെത്തിയ ശേഷം, ന്യായപ്രമാണം ആചരിക്കാൻ ചെന്നാൽ ന്യായപ്രമാണം അവനെ "കുറ്റക്കാരൻ" ആയി മാത്രമേ കാണുകയുള്ളു.

അതായത് അപ്രകാരം ചെയ്യുന്നവർ കുറ്റക്കാരായി നിൽക്കുന്നു. ആരെല്ലാം? പത്രോസ് ഉൾപ്പെടെ ഉള്ള യഹൂദാ ക്രിസ്ത്യാനികൾ എല്ലാം.

ഞാൻ പൊളിച്ചതു ഞാൻ തന്നെ പണിയുമ്പോൾ, ഞാൻ ലംഘനക്കാരൻ, ഞാൻ കുറ്റക്കാരൻ ആകുന്നു.

Gal. 2:19,20 ഈ രണ്ട് വാക്യങ്ങളിൽ പൗലൂസ് ക്രിസ്തുവിലേക്ക് വന്ന ഒരു വ്യക്തിക്ക് ന്യായപ്രമാണത്തിന്റെ requirement ൽ നിന്നും എങ്ങനെ വിടുതൽ കിട്ടുന്നു എന്ന് വിവരിക്കുകയാണ്.

ഒരു വിശ്വാസി കർത്താവുമായി ഒരുമപ്പെടുന്നു. Believer unites with Christ.

വിശ്വാസി ക്രിസ്തുവിനോട് കൂടെ മരിക്കുന്നു. ക്രിസ്തുവിനോട് കൂടെ ഉയിർക്കുന്നു. വിശ്വാസി ന്യായപ്രമാണ സംബന്ധമായി മരിക്കുന്നു. മരിക്കുന്നത് വിശ്വാസി. ന്യായപ്രമാണം മരിക്കുന്നില്ല. ന്യായപ്രമാണം നമ്മെ കുറ്റക്കാരാക്കുന്നു. കുറ്റം ചെയ്തവർ ശിക്ഷ അനുഭവിക്കണം. എന്നാൽ നാം ക്രിസ്തുവിലേക്ക് വിശ്വാസത്താൽ വരുമ്പോൾ, നമ്മുടെ കുറ്റമെല്ലാം ക്രിസ്തു ഏറ്റെടുക്കുന്നു. Christ paid the penalty for all sinners.

ക്രിസ്തുവിനോട് ചേർന്നു നിൽക്കുന്നവൻ "ന്യായപ്രമാണം" സംബന്ധിച്ചു മരിച്ചു. ഇനി ജീവിക്കുന്നത് കർത്താവിനായി. So Law has no more claim on you.

Gal. 2:20 ഗലാത്യലേഖനം 2:20 ഒന്നുകൂടി വ്യക്തമാക്കി തരുന്നു. What is the position of a believer in Christ.

ഗലാത്യലേഖനം ഒരു 'serious' ലേഖനമാണ്. വളരെ ഗൗരവത്തോടെയാണ് തുടക്കം മുതൽ അവസാനം വരെയുള്ളത്.

Gal 2:20 ഒരു പക്ഷേ ക്രിസ്തീയ ജീവിതത്തിന്റെ കാതലായ തത്വവും.

1st part ഇങ്ങനെയാണ്.

(a) ഞാൻ ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു.

Rom 7:4 *അതുകൊണ്ടു സഹോദരന്മാരേ, നാം ദൈവത്തിന്നു ഫലം കായക്കുമാറു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റവനായ വേറൊരുവന്നു ആകേണ്ടതിന്നു നിങ്ങളും ക്രിസ്തുവിന്റെ ശരീരം മുഖാന്തരം ന്യായപ്രമാണസംബന്ധമായി മരിച്ചിരിക്കുന്നു.*

വി.പൗലൂസ് ഇതു പറയുമ്പോൾ തന്റെ സ്വന്തംജീവിതം കൂടി മുമ്പിൽ കാണുന്നു.

എന്താണ് പൗലൂസിന്റെ ഭൂതകാലം - വിശ്വാസികളെ ഉപദ്രവിച്ചവൻ, തടവിലാക്കിയവൻ, കല്ലെറിഞ്ഞു കൊല്ലിക്കാൻ കൂട്ടു നിന്നവൻ.

fleettech@gmail.com

യരുശലേമിൽ പോകുമ്പോഴൊക്കെ തന്റെ നീചപ്രവൃത്തിയുടെ ദുഃഖം അനുഭവിക്കുന്ന വിശ്വാസികളെ പൗലൂസ് കണ്ടിട്ടുണ്ടാകണം.

That Paul is crucified. The Soul of Tharsos is crucified with Christ.

പാപം സംബന്ധിച്ച് മരിച്ച്, നീതിക്ക് ഉയർത്തെഴുന്നേറ്റ പുതുജീവന്റെ അനുഭവം ഒരു ദൈവ പൈതലിന് ഉണ്ടായിരിക്കണം.

John 3:3 *യേശു അവനോടു: ആമേൻ, ആമേൻ, ഞാൻ നിന്നോടു പറയുന്നു; പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയകയില്ല എന്നു ഉത്തരം പറഞ്ഞു.*

കർത്താവ് നിക്കോദേമോസിനോട് പറഞ്ഞു: ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യം കാണ്മാൻ ആർക്കും കഴിയുകയില്ല.

പഴയ മനുഷ്യൻ മരിക്കണം.

പഴയ മനുഷ്യനെ അതിന്റെ രാഗമോഹങ്ങളോട് കൂടെ ക്രൂശിക്കണം.

അഹങ്കാരം, ക്രൂരത, കോപം പ്രതികാരവാഴ്ച എല്ലാം ക്രൂശിക്കപ്പെടണം.

Rom 6:5 *ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും.*

ക്രിസ്തുവിന്റെ ക്രൂശുമരണത്തോട് ഏകീഭവിക്കാതെ പുതുജീവന്റെ അവകാശി ആകുവാൻ ആർക്കും സാധ്യമല്ല. ഇതാണ് ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാന തത്വം.

"ഞാൻ ക്രിസ്തുവിനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു" എന്ന് പറയാൻ നമുക്ക് കഴിയുമോ?

My old sin nature has been crucified.

My pride has been crucified.

My "anger" has been crucified. My "Revenge" has been crucified.

(b) ഇനി ഞാൻ ജീവിക്കുന്നില്ല. I no longer live

ഇങ്ങനെ പറയാൻ നമുക്ക് കഴിയുമോ? ഇന്നത്തെ ക്രിസ്തീയ സമൂഹങ്ങളിൽ നില നിൽക്കുന്ന പ്രശ്നങ്ങളുടെ മുഖ്യ കാരണം I no longer live എന്ന തത്വം നഷ്ടപ്പെട്ടതാണ്.

"EGO" സ്വേച്ഛ, ഞാൻ വലിയവൻ, എന്നെ എല്ലാവരും ബഹുമാനിച്ചോണം. ഇതാണ് നാം കാണുന്നത്. എന്നാൽ "ഞാൻ ജീവിക്കുന്നില്ല"എന്ന തത്വം ഒന്ന് പ്രായോഗിക തലത്തിൽ കൊണ്ടുവന്നാൽ സഭാന്തരീക്ഷം എത്രയോ ശാന്തം ആയേനെ.

പത്രോസ് - മുൻകോപി, വിദ്യാഭ്യാസം ഇല്ലാത്തവൻ - മുക്കുവൻ, വളരെ sensitive person, unreliable nature.

യാക്കോബ് - stuborn, fanatical uncompromising person, യഹൂദാ പാരമ്പര്യത്തിന്റെ വക്താവ്.

യോഹന്നാൻ - സ്നേഹത്തിന്റെ അപ്പൊസ്തലൻ, സൗമ്യൻ, ഗാഢമായി കർത്താവിനെ സ്നേഹിച്ചവൻ.

പൗലൂസ് - ജ്ഞാനി, ഉന്നതകുല ജാതൻ.

ബർന്നബാസ് - പൗലൂസിന്റെ ആത്മീക ഗുരു. Simple person.

തികച്ചും വ്യത്യസ്ത സ്വഭാവക്കാർ, വ്യത്യസ്ത സാമൂഹ്യ സ്ഥിതിയുള്ളവർ, വ്യത്യസ്ഥ ബുദ്ധിപരമായ അവസ്ഥയുള്ളവർ.

How could they unite in offering fellowship to one another.

fleettech@gmail.com

അവർക്ക് എങ്ങനെ യോജിച്ചു നിൽക്കാൻ കഴിഞ്ഞു. ഒറ്റ തത്വം മാത്രം. I no longer live

Paul no longer lives.

Peter no longer lives.

James no longer lives.

John no longer lives.

Barnabas no longer lives.

ഇനി ജീവിക്കുന്നത് ഞാനല്ല. ഈ അനുഭവത്തിലേക്ക് വരാതെ വിശ്വാസി - നിന്റെ വിശ്വാസം പൂർണ്ണതയുള്ളതാവുകയില്ല

Where is EGO, where is prestige, where is status?

സകലതിനെയും യേശുവിൻ ക്രൂശിൽ തറച്ചു.

I am crucified with Christ. I no more live

(c) Christ lives in me ക്രിസ്തു എന്നിൽ ജീവിക്കുന്നു.

ക്രിസ്തീയ ജീവന്റെ ഏറ്റവും പ്രധാനമായ പ്രമാണം ഇതാണ്. പത്രോസിനെയും, പൗലൂസിനെയും, യാക്കോബിനെയും, യോഹന്നാനെയും, ബർന്നബാസിനെയും ഒരു കൂട്ടായ്മയുടെ വലം കരത്തിൽ കൂട്ടിച്ചേർത്തിരുന്ന കണ്ണി ഈ പ്രമാണം ആയിരുന്നു.

ക്രിസ്തു ഈ അപ്പൊസ്തലന്മാരിൽ ജീവിച്ചു.

ഇന്നത്തെ ക്രിസ്ത്യാനികളിൽ എത്ര പേർക്ക് ധൈര്യമായി പറയാൻ കഴിയും "ക്രിസ്തു എന്നിൽ ജീവിക്കുന്നു"എന്ന്.

ഇതാണ് ദൈവം നമ്മിൽ ഓരോരുത്തരിലും നോക്കുന്നത്.

തന്റെ പുത്രന്റെ സ്വഭാവത്തോട് നാം ഓരോരുത്തരും അനുരൂപരാകണം.

We need to grow to that great target.

ക്രിസ്തു എന്ന തലയോളം നാം ഓരോരുത്തരും വളരണം.

Gal. 2:21 ദൈവത്തിന്റെ കൃപ. വിശ്വാസത്താൽ ഏതു പാപിയേയും നീതീകരിക്കുവാൻ കർത്താവായ യേശുക്രിസ്തുവിൽ ഒഴുകിയ ദൈവ കൃപ.

Rom 4:5 *പ്രവർത്തിക്കാത്തവൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവന്നോ അവന്റെ വിശ്വാസം നീതിയായി കണക്കിടുന്നു.*

പ്രവൃത്തിയാലുള്ള "നീതീകരണം"പ്രാപിപ്പാൻ ഒരു മനുഷ്യനും കഴിയില്ല. ന്യായ പ്രമാണത്തിന്റെ പ്രവൃത്തിയാൽ ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല.

അങ്ങനെ നീതീകരണം പ്രാപിപ്പാൻ കഴിയുമായിരുന്നുവെങ്കിൽ ക്രിസ്തുവിന്റെ ക്രൂശീകരണത്തിന്റെ ആവശ്യം ഉണ്ടായിരുന്നില്ല.

നമ്മെ നീതീകരിപ്പാൻ കഴിയുന്ന ഒരേ ഒരു സംഗതി മാത്രമേ ഈ പ്രപഞ്ചത്തിലുള്ളു. യേശുക്രിസ്തു നമുക്കായി ചീന്തിയ വിശുദ്ധ രക്തം.

God justifies all sinnes through faith in Jesus Christ.

fleettech@gmail.com